കേരള സർക്കാർ

സംഗ്രഹം

ADHS(PH)-PLA
23/9/14 68671

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - പുതുതായി സൃഷ്ടിച്ച ഫാർമസിസ്റ്റ് തസ്തികകൾ - ചെലവ് വഹിക്കുന്നതിനുള്ള ശീർഷകം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എച്ച്) വകുപ്പ്

സ.ഉ.(സാധാ)നം.3074/2014/ആ.കുവ  തീയതി, തിരുവനന്തപുരം, 16/09/2014

പരാമർശം: 1. 21.03.2014 ലെ സ.ഉ (എം.എസ്) നം. 106/2014/ആകുവ
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 26.05.2014 ലെ പി.എൽ.എ1/47691/11/ആവഡ നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) ലെ ഉത്തരവ് പ്രകാരം ആരോഗ്യ വകുപ്പിന് കീഴിൽ സംസ്ഥാനത്തെ വിവിധ ആശുപത്രികളിലായി 40 ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. ടി തസ്തികകളുടെ ചെലവ് വഹിക്കുന്നതിനുള്ള ശീർഷകം നിർണ്ണയിച്ച് നൽകിയിട്ടില്ലാത്തതിനാൽ ടി തസ്തികകളുടെ ചെലവ് 2210-01-110-99 (എൻ.പി) എന്ന ശീർഷകത്തിൽ വഹിക്കാവുന്ന തരത്തിൽ അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം ആരോഗ്യ വകുപ്പിന് കീഴിൽ വിവിധ ആശുപത്രികളിലായി സൃഷ്ടിക്കപ്പെട്ട പുതിയ തസ്തികകളിൽ നിയമിതരാകുന്ന ജീവനക്കാർക്ക് ശമ്പളവും അലവൻസുകളും നൽകേണ്ടതുള്ളതിനാൽ ഈയിനത്തിൽ വരുന്ന ചെലവ് "2210-01-110-99-01-NPV" എന്ന ശീർഷകത്തിൽ നിന്നും വഹിക്കുവാൻ അനുമതി നൽകി ഉത്തരവാകുന്നു. ഇക്കാര്യത്തിൽ 'ന്യൂ സർവ്വീസ്' നടപടിക്രമം പാലിക്കേണ്ടതുള്ളതിനാൽ അടുത്ത ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുന്നതിന് ഇത് സംബന്ധിച്ച ശുപാർശ SDG സർക്കുലർ പുറപ്പെടുവിക്കുന്ന സമയത്ത് ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ്. വർഗ്ഗീസ്
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (30.08.2014 ലെ 57076/എച്ച് & എൽ ബി 1/14/ധന നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം (ഈ ഉത്തരവ് കേരള സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ